**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1809 17.03.2015-ൽ മറുപടിയ്ക്ക്

## ഭരണ സുതാര്യതയ്ക്ക് പേഴ്സണൽ പോളിസി

| | ചോദ്യം<br>ശ്രീ. അൻവർ സാദത്ത്<br>„ ലൂഡി ലൂയിസ്<br>„ ആർ. സെൽവരാജ്<br>„ പി.എ. മാധവൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത് : | (എ) | ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പു വരുത്താനാകുന്നുണ്ട്. വിഷൻ 2030, സേവനാവകാശ നിയമം തുടങ്ങിയവയും ഈ ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചതാണ്. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണത്തിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും കൈവരിക്കാനാകുമെന്ന് കരുതുന്നു. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പു വരുത്താൻ കഴിയുന്നുണ്ട്. |
| (ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ : | (ബി) യും (സി) യും | ഇതു സംബന്ധിച്ച ശുപാർശകളൊന്നും നിലവിൽ ഇല്ല. |
| (സി) | അതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ